ചൈനയിലേക്കു പോകുന്ന മെഡിസിൻ വിദ്യാർത്ഥികൾ

199 [3170] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 മുതൽ മോഡേൺ മെഡിസിൻ പഠിക്കുന്നതിനായി കേരളത്തിൽ നിന്നും വളരെയധികം വിദ്യാർത്ഥികൾ വിവിധ ഏജൻസികൾവഴി ചൈനയിലേക്കു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഏജൻസികൾക്ക് രജിസ്ട്രേഷനോ ലൈസൻസോ ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) 2003-ൽ ഇത്തരത്തിൽ ഇന്ത്യയിൽനിന്നും ആദ്യമായി ചൈനയിലേക്കു മോഡേൺ മെഡിസിൻ പഠിക്കുന്നതിനായി വിദ്യാർത്ഥികളെ കൊണ്ടുപോയ ആലപ്പുഴയിലെ ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൾട്ടൻസിയെ ചൈനീസ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സിങ്ങുസിയാങ്ങു യൂണിവേഴ്സിറ്റി 2004 മേയ് 20-ന് കരിമ്പട്ടികയിൽപ്പെടുത്തിയിട്ടും 2004-ലും 2005-ലും പ്രസ്തുത സ്ഥാപനവും മറ്റു പല ഏജൻസികളും ചൈനയിലേക്കു വിദ്യാർത്ഥികളെ കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു;

(ഡി) വിദ്യാർത്ഥികൾ വഞ്ചിതരാകുന്നതു സംബന്ധിച്ച് 2005-ൽ ചൈനയിലെ ഇന്ത്യൻ അംബാസിഡർ മുന്നറിയിപ്പ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ചൈനയിലും മറ്റു വിദേശ രാജ്യങ്ങളിലും മോഡേൺ മെഡിസിൻ പഠിക്കാൻ പോകുന്നതിന്റെ നടപടിക്രമങ്ങൾ നൂറുശതമാനം സുതാര്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ പരിധിയിൽ ഏഷ്യൻ എഡ്യൂക്കേഷൻ കൺസൾട്ടൻസി തുടങ്ങുന്നതിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. (രജി. നം. ബി1/041).

(സി) ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൾട്ടൻസിയെ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) & (ഇ) വിദേശകാര്യവകുപ്പ്, കേന്ദ്ര ആഭ്യന്തര വകുപ്പ് ഇവയുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

GPM. 2/609/2012—29.

LIBRARY ARCHIVES Kerala Legislative Assembly